

## വാർത്തകളും കുറിപ്പുകളും

### 1. ഓൺലൈൻ / ദേവാലയ ആരാധനകൾ

ജൂൺ മാസത്തിലെ ആദ്യത്തെ 3 ഞായറാഴ്ചകളിലെയും വെള്ളിയാഴ്ചകളിലെയും ആരാധനകൾ മെയ് മാസത്തിലെപ്പോലെ ഓൺലൈൻ ആയി നടത്തി, യൂട്യൂബിലൂടെ അംഗങ്ങൾക്ക് ലഭ്യമാക്കി, ഭവനങ്ങളിലിരുന്ന് സൂം വഴി ചുമതലകൾ നിർവ്വഹിച്ച എല്ലാവരെയും സാങ്കേതിക നിയന്ത്രണം വഹിച്ചവരെയും ദൈവം അനുഗ്രഹിക്കട്ടെ. ജൂൺ 27 ഞായർ മുതലാണ് ഗവൺമെന്റ് അനുവദിച്ച 15 പേരിൽ കവിയാതെ നിയന്ത്രിതമായ രീതിയിൽ ദേവാലയത്തിൽവെച്ച് ആരാധന നടത്താൻ കഴിഞ്ഞത്. ജൂലൈ 4, 11 ഞായറാഴ്ചകളിലും 2, 9 വെള്ളയാഴ്ചകളിലും ദേവാലയത്തിൽ നിബന്ധനകളോടെ ആരാധന നടത്തിയത് യൂട്യൂബിലൂടെ ഏവർക്കും പങ്കെടുക്കുന്നതിനായി ലഭ്യമാക്കി. പങ്കെടുക്കാവുന്നവരുടെ എണ്ണത്തെ സംബന്ധിച്ച് നമുക്ക് അനുകൂലമായ തീരുമാനങ്ങൾ എത്രയും വേഗത്തിൽ ഉണ്ടാകുവാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

### 2. സി. വൈ. തോമസ് അച്ചന് യാത്രയയപ്പ്

ജൂൺ 27 ഞായറാഴ്ചയിലെ വിശുദ്ധ സംസർഗ ശുശ്രൂഷ കഴിഞ്ഞ് ദേവാലയത്തിൽവെച്ച് നമ്മുടെ വികാരി റവ. സി. വൈ. തോമസ് അച്ചന് സമുചിതമായ യാത്ര അയപ്പ് ക്രമീകരിച്ചു. 15 പേർ മാത്രം പങ്കെടുത്തു. നമ്മുടെ സഭാംഗങ്ങളുടെ വകയായി അച്ചനും, വിമൻസ് ഫെലോഷിപ്പിന്റെ വകയായി കൊച്ചമ്മയ്ക്കും ഉപഹാരങ്ങൾ സമ്മാനിച്ചു. അച്ചന്റെ യാത്ര അയപ്പ് ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്ത എല്ലാവരോടും സഭയുടെ നന്ദി അറിയിക്കുന്നു. ജൂൺ 30 ബുധനാഴ്ച രാവിലെ 8 മണി മുതൽ 8.30 വരെ അച്ചൻ പള്ളി കോമ്പൗണ്ടിൽ എത്തിയ സഭാംഗങ്ങളോടൊപ്പം സമയം ചെലവഴിക്കുകയും പ്രാർത്ഥനയ്ക്ക് ശേഷം അച്ചനും കുടുംബവും നമ്മുടെ സഭാപ്രതിനിധികളും ആലപ്പുഴയ്ക്ക് യാത്ര പുറപ്പെടുകയും ചെയ്തു. അച്ചനും കുടുംബവും ആലപ്പുഴ ഇടവകയിൽ സുഖമായും ക്ഷേമമായും കഴിയുന്നു എന്ന് അറിയിക്കട്ടെ.

**3. പി. കെ. ചാക്കോ അച്ചന് സ്വീകരണം.**

ജൂൺ 30 ബുധൻ ഉച്ചയ്ക്ക് 12 മണിയോടെ പി. കെ. ചാക്കോ അച്ചനും കൊച്ചമ്മയും കവിയൂർ സഭാപ്രതിനിധികളും നമ്മുടെ പാഴ്സനേജിൽ എത്തിച്ചേർന്നു. ആദ്യദിവസങ്ങളിൽ ക്രിസ്തുസേവ ഗസ്റ്റ് റൂമിൽ താമസിച്ചുകൊണ്ട് പാഴ്സനേജിന്റെ ചെറിയ അറ്റകുറ്റപ്പണികൾ തീർത്തശേഷം ജൂലൈ 5 മുതൽ പാഴ്സനേജിൽ താമസമാക്കി. ജൂലൈ 4 ഞായറാഴ്ചയിലെ വിശുദ്ധ സംസർഗ ശുശ്രൂഷയ്ക്ക് ശേഷം പള്ളിയിൽ വെച്ച് സാം മാത്യു അച്ചന്റെ അദ്ധ്യക്ഷതയിൽ റവ. പി. കെ. ചാക്കോ അച്ചനും കൊച്ചമ്മയ്ക്കും സഭയുടെ വകയായി സ്വീകരണം നടത്തി. നമ്മുടെ ഇടവക വികാരി ആയി ചുമതല ഏറ്റ അച്ചനെ സഭയുടെ പേരിൽ അനുമോദിക്കുകയും അച്ചനെയും കുടുംബത്തെയും അച്ചന്റെ ശുശ്രൂഷകളെയും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് സഭയായി തുടർന്ന് പ്രാർത്ഥിക്കണം എന്ന് എല്ലാവരോടും അപേക്ഷിക്കുകയും ചെയ്യുന്നു.

**4. കോവിഡ്, പ്രകൃതി ദുരന്ത സഹായങ്ങൾ**

CCCDRF- ലേക്ക് ഏറ്റവും ഉദാരമായി സംഭാവന ചെയ്ത എല്ലാ അംഗങ്ങൾക്കും ദൈവനാമത്തിൽ അങ്ങേയറ്റം നന്ദി പറയുന്നു. ജൂൺ 30 വരെ 11,09,000 രൂപ സംഭാവനയായി ഈ ഫണ്ടിൽ ലഭിക്കുകയും ചർച്ച് കമ്മറ്റിയുടെ തീരുമാനപ്രകാരം വിവിധ ആശ്വാസ പ്രവർത്തനങ്ങൾക്കായി 4,82,977 രൂപ ചെലവഴിക്കുകയും ചെയ്തു. ഈ ഫണ്ടിലേക്ക് ദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ചർച്ച് അക്കൗണ്ടിലേക്ക് CCCDRF എന്ന കോഡും ID നമ്പരും സഹിതം അയച്ചു കൊടുക്കണം എന്ന് അറിയിക്കുന്നു. നമ്മുടെ സഭയായി ജൂൺ 30 വരെ ചെയ്ത സഹായങ്ങളുടെ വരവ് ചെലവ് കണക്കുകൾ 15, 18 പേജുകളിൽ ട്രഷററുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**5. ബുധനാഴ്ച വൈകിട്ട് വിശുദ്ധ സംസർഗ ശുശ്രൂഷ**

ജൂലൈ 14 മുതൽ സീയോൻ ഹാളിൽ വെച്ച് മലയാളം വിശുദ്ധ സംസർഗ ശുശ്രൂഷ നടത്തപ്പെട്ടു. ജൂലൈ 21 മുതൽ ബുധനാഴ്ചതോറും വൈകിട്ട് 5 മണിക്ക് സീയോൻ ഹാളിലും ക്രൈസ്റ്റ് ചർച്ചിലും ഒരേ സമയം തന്നെ സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി വിശുദ്ധ സംസർഗ ശുശ്രൂഷ നടത്തുമെന്ന് അച്ചൻ അറിയിച്ചു. എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**6. ചെയിൻ പ്രയറും പ്രഭാത ധ്യാനങ്ങളും**

ഏരിയ പ്രയർ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ചെയിൻ പ്രയർ എല്ലാ ദിവസവും വൈകിട്ട് രണ്ട് മണിക്കൂർ സമയത്ത് നടത്തിവരുന്നു. ആരാധന ഇല്ലാത്ത എല്ലാ ദിവസങ്ങളിലും രാവിലെ അച്ചന്മാർ അയച്ചുതരുന്ന പ്രഭാത ധ്യാന സന്ദേശങ്ങൾ ഈ കാലയളവിൽ ഏവർക്കും അനുഗ്രഹകരമായി തുടരുന്നു എന്നത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

എത്രയും വേഗം ആരാധനാ സാഹചര്യങ്ങൾ സുഗമമാകുവാനും സകലവിധ രോഗപീഢകളിൽ നിന്ന് സമ്പൂർണ സംരക്ഷണം ലഭിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം.

**തോമസ് ബിജു മാത്യു**
ചർച്ച് സെക്രട്ടറി

## Thought for the Month

***Rev. Dr. John R W Stott,*** *great Anglican Priest, Preacher, Theologian and Author.*

**"Your greatest enemy is pride; your greatest friend is humility"**

*Biblical references*

For all those who exalt themselves will be humbled, and those who humble themselves will be exalted.
**Luke 18: 14**

"I dwell with him who has a contrite and humble spirit"
**Isaiah 57: 15**

The Lord will destroy the house of the proud.
**Proverbs 15: 25**

Every one proud in the heart is an abomination to the Lord
**Proverbs 16: 5**

Jesus said " Learn from me, for I am gentle and humble in heart"
**Matthew 11: 29**